# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4726 05.02.2014 ലെ മറുപടിക്ക്**

**ഗൾഫ് മലയാളികൾക്ക് നോർക്കയിൽ ലഭിക്കുന്ന സഹായം**

ചോദ്യം

മറുപടി

ശ്രീ. സി. ദിവാകരൻ

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഗൾഫ് മലയാളികൾക്ക് നോർക്കയിൽ നിന്ന് ലഭിക്കുന്ന സഹായങ്ങൾ എന്തെല്ലാമാണ് വ്യക്തമാക്കാമോ; | എ) പ്രവാസി മലയാളികൾ വിദേശ രാജ്യങ്ങളിൽ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് നോർക്ക വകുപ്പ് ബന്ധപ്പെട്ട രാജ്യങ്ങളിലെ നയതന്ത്ര കാര്യാലയങ്ങൾ മുഖേന സഹായങ്ങൾ നൽകി വരുന്നു. അവർ വിദേശത്തായിരിക്കുമ്പോൾ കുടുംബം നാട്ടിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് വിവിധ വകുപ്പുകൾ മുഖേന പരിഹാരം കണ്ടെത്തുന്നതിനും സഹായം നൽകി വരുന്നു.<br>സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ, പ്രവാസി കേരളീയർക്കുള്ള തിരിച്ചറിയൽ രേഖയായി ഉപയോഗിക്കാവുന്നതും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതുമായ എൻ.ആർ.കെ ഐ.ഡി. കാർഡ്/എൻ.ആർ.കെ ഇൻഷ്വറൻസ് കാർഡ്, തങ്ങളുടേതല്ലാത്ത കുറ്റങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന നിരപരാധികളായ പ്രവാസി മലയാളികൾക്ക് വിദേശരാജ്യങ്ങളിൽ നിയമ സഹായം നൽകുന്ന പദ്ധതിയായ 'പ്രവാസി ലീഗൽ എയ്ഡ് സെൽ', വിദേശ രാജ്യങ്ങളിൽ നിന്നും ജയിൽ മോചിതരാകുന്നവരെ നാട്ടിലെത്തിക്കുന്ന 'സ്വപ്ന |

| | |
|---|---|
| | സാഫല്യം പദ്ധതി', വിദേശത്ത് മരണമടയുന്ന പ്രവാസികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് സഹായിക്കുന്ന 'കാരുണ്യം പദ്ധതി', നോർക്കയുടെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് വിവരം നൽകുന്ന 24 മണിക്കൂറും പ്രവർത്തിക്കുന്ന 'കാൾ സെന്റർ', തുടങ്ങിയവയാണ് പ്രവാസി മലയാളികൾക്ക് നോർക്കയിൽ നിന്നും നൽകുന്ന പ്രധാന സേവനങ്ങൾ.<br>ഇതിനുപുറമെ ദുരിതമനുഭവിക്കുന്ന തിരികെയെത്തിയ പ്രവാസികൾക്ക് മരണാനന്തര/ചികിത്സ/വിവാഹ ധനസഹായം, നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്ന സാന്ത്വനം, ചെയർമാൻ ഫണ്ട്, സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പ്രവാസി പുനരധിവാസ പദ്ധതി (NDPREM), നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ തുടങ്ങിയ പദ്ധതികളും നോർക്ക വകുപ്പിലുണ്ട്.<br>കൂടാതെ കേരള പ്രവാസി കേരളീയ ക്ഷേമനിധിയിൽ വിഭാവനം ചെയ്തിട്ടുള്ള പ്രകാരം പെൻഷന് പുറമേ അംഗങ്ങൾക്കായുള്ള ചികിത്സാ ധനസഹായം വിവാഹ ധനസഹായം, പ്രസവാനുകൂല്യം, മരണാനന്തര ധനസഹായം കുടുംബ പെൻഷൻ, അവശതാ പെൻഷൻ എന്നിവയും ക്ഷേമ നിധിയിൽ അംഗങ്ങളായ പ്രവാസികൾക്ക് അനുവദിക്കുന്നു. |
| (ബി) പ്രസ്തുത സഹായത്തിനായുള്ള പ്രത്യേക മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | ബി) എൻ.ആർ.കെ. ഐ.ഡി. കാർഡ്/എൻ.ആർ.കെ. ഇൻഷ്വറൻസ് കാർഡ് നൽകുന്നത് കുറഞ്ഞത് ആറു മാസത്തേതെങ്കിലും സാധുതയുള്ള വിസ, |

| | |
|---|---|
| | പാസ്പോർട്ട് എന്നിവയോടെ വിദേശത്ത് താമസിക്കുകയോ ജോലി ചെയ്യുന്നതോ ആയ 18 വയസ്സ് പൂർത്തിയായ പ്രവാസി മലയാളികൾക്കാണ്. 'സ്വപ്നസാഫല്യം' പദ്ധതിയുടെ ആനുകൂല്യം വിദേശത്ത് ജോലി ചെയ്യുന്നതോ താമസിക്കുന്നതോ ആയ പ്രവാസി മലയാളികൾക്കാണ് അനുവദിക്കുന്നത്. ജയിൽവാസം അനുഭവിച്ചത്. ക്രിമിനൽ കുറ്റകൃത്യങ്ങൾക്കോ അവരുടേതായ കാരണങ്ങൾ കൊണ്ടുണ്ടായ കുറ്റകൃത്യങ്ങൾക്കോ വീഴ്ചകൾക്കോ ആകാൻ പാടില്ല. <br> 'പ്രവാസി ലീഗൽ എയ്ഡ് സെൽ' മുഖേന നിയമസഹായം ലഭിക്കുന്നതിന് ജയിലിൽ കഴിയുന്ന പ്രവാസി വിദേശത്ത് തൊഴിൽ വിസയിൽ പോയിട്ടുള്ള ആളായിരിക്കണം. കൂടാതെ പ്രവാസി കേരളീയന്റെ കുടുംബത്തിന്റെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാൻ പാടില്ല. ഇത് തെളിയിക്കുന്നതിനായി വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കണം. <br> സാന്ത്വന പദ്ധതി, ചെയർമാൻ ഫണ്ട് പദ്ധതി എന്നിവയിൽ നിന്നും ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം 1 ലക്ഷം രൂപയിൽ കൂടുതലാകാൻ പാടില്ല. കുറഞ്ഞത് രണ്ട് വർഷമെങ്കിലും പ്രവാസി ആയിരുന്നിരിക്കണം. തിരിച്ചെത്തിയിട്ട് വിദേശത്ത് ജോലി ചെയ്തത്ര കാലയളവ് അല്ലെങ്കിൽ പത്തുവർഷം ഇവയിൽ ഏതാണോ കുറവ് ആ സമയ പരിധിയ്ക്കുള്ളിൽ അപേക്ഷ നൽകിയിരിക്കണം. ഈ രണ്ട് പദ്ധതികളിൽ ഏതെങ്കിലും ഒരു പദ്ധതിയിൽ നിന്നുള്ള |

സഹായത്തിന് മാത്രമേ അർഹതയുണ്ടാവൂ.

വിദേശത്ത് വച്ച് മരിക്കുന്ന പ്രവാസിയ്ക്ക് 'കാരുണ്യം പദ്ധതി' പ്രകാരം ധനസഹായം ലഭിക്കുന്നതിന് സാധുതയുള്ള ഇന്ത്യൻ പാസ്പോർട്ട് ഉണ്ടായിരിക്കണം. കൂടാതെ മരണസമയത്ത് വിദേശത്ത് നിയമാനുസൃതം താമസിച്ചിരുന്ന/ജോലി ചെയ്തിരുന്ന ആളായിരിക്കണം. ഇന്ത്യയിൽ ഇതര സംസ്ഥാനത്ത് വച്ച് മരിക്കുന്ന കേരളീയന്റെ കാര്യത്തിൽ അയാൾ തൊഴിലിന് വേണ്ടി/ജോലി സംബന്ധിയായ ആവശ്യത്തിനായി അന്യ സംസ്ഥാനത്ത് സഞ്ചരിക്കുകയോ താമസിക്കുകയോ ചെയ്തിരുന്ന ആളാവണം. മരണമടഞ്ഞ പ്രവാസിക്കോ അയാളുടെ ബന്ധുക്കൾക്കോ മറ്റൊരു ധനാഗമമാർഗവുമില്ലാത്ത അസാധാരണ സന്ദർഭങ്ങളിൽ മാത്രമേ സഹായം അനുവദിക്കുകയുള്ളൂ.

കേരള പ്രവാസി ക്ഷേമനിധിയിൽ നിന്നും ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ പറയുന്നു.

1. **ചികിത്സാ ധനസഹായം:-** ഗുരുതരമായ രോഗം ബാധിച്ച അംഗങ്ങളുടേയുംകല്പിതാംഗങ്ങളുടേയും ചികിത്സയ്ക്കായി ഒരംഗത്തിന് മുഴുവൻ അംഗത്വ കാലയളവിൽ പരമാവധി 50000/- രൂപ.

2. **മരണാനന്തര ധനസഹായം:-**

അംഗമായിരിക്കെ അസുഖം മൂലമോ അപകടം മൂലമോ മരണമടയുന്ന പ്രവാസി കേരളീയൻ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് 50000/- രൂപയും മുൻ പ്രവാസി

| | |
|---|---|
| | കേരളീയൻ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് 30000/- രൂപയും പ്രവാസി കേരളീയൻ (ഭാരതം) അംഗത്തിന്റെ ആശ്രിതർക്ക് 25000/- രൂപയും.<br>3.**വിവാഹധനസഹായം;-** കുറഞ്ഞത് 3 വർഷമെങ്കിലും തുടർച്ചയായി അംശാദായം അടച്ചുവരുന്ന കല്പിതാംഗങ്ങൾ ഒഴികെയുള്ള അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയും സ്ത്രീ അംഗങ്ങളുടെയും വിവാഹച്ചെലവിനായി 5000/- രൂപ (പരമാവധി 2 തവണ)<br>4. **പ്രസവാനുകൂല്യം;-** തുടർച്ചയായി 2 വർഷക്കാലം അംശാദായം അടച്ചിട്ടുള്ള കല്പിതാംഗങ്ങൾ ഒഴികെയുള്ള ഒരു വനിതാ അംഗത്തിന് പ്രസവത്തിന് 3000/- രൂപയും, ഗർഭം അലസൽ സംഭവിച്ചാൽ 2000/- രൂപയും (പരമാവധി 2 തവണ) |
| (സി) സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് പ്രസ്തുത സഹായങ്ങൾ നൽകിയിട്ടുണ്ട്; വിശദമാക്കാമോ? | സി) ഈ സർക്കാരിന്റെ കാലത്ത് വിവിധ പദ്ധതികൾ മുഖേന നൽകിയ ആനുകൂല്യങ്ങളുടെ വിവരങ്ങൾ താഴെ പറയുന്നു. |

| പദ്ധതിയുടെപേര് | ഗുണഭോക്താക്കൾ |
|---|---|
| അറ്റസ്റ്റേഷൻ | 89892 |
| സ്വപ്നസാഫല്യം | 93 |
| പ്രവാസി തിരിച്ചറിയൽ കാർഡ് | 51229 |
| സാന്ത്വന | 2842 |
| ചെയർമാൻ ഫണ്ട് | 620 |

| | | |
|---|---|---|
| | കാരുണ്യം | 17 |
| | മരണാനന്തര സഹായം (വെൽഫയർ ബോർഡ്) | 128 |
| | ചികിത്സാധനസഹായം (വെൽഫയർ ബോർഡ്) | 67 |
| | വിവാഹ ധനസഹായം (വെൽഫയർ ബോർഡ്) | 25 |

**സെക്ഷൻ ഓഫീസർ**